# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **21.06.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 3862**

## വ്യാവസായിക വളർച്ചാനിരക്കിൽ ഉണ്ടായിട്ടുള്ള മാറ്റം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചാനിരക്കിൽ ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | **(എ)** | വിലയിരുത്തിയിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗിൽ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം 21-ാം സ്ഥാനത്താണ്. ഈ സാഹചര്യത്തിൽ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിനും, സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും പരിഷ്കരണങ്ങൾ നടത്തുവാൻ സർക്കാർ തീരുമാനിക്കുകയും, 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നടപ്പിലാക്കുകയും. അനുമതികൾ വേഗത്തിലും, സുതാര്യമായും നല്കുന്നതിന് K-Swift എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. കേരളത്തെ കൂടുതൽ നിക്ഷേപകസൗഹൃദമാക്കുന്നതിനുള്ള മറ്റ് നടപടികൾ സ്വീകരിച്ച് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 6.81% ആയിരുന്ന വ്യവസായ വളർച്ചാ നിരക്ക് 2017-18 ൽ 9.57% ആയി ഉയർന്നിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| **ബി)** | ഉൽപാദന മേഖലയിലെ തകർച്ച സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ എത്രമാത്രം ബാധിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ; | **(ബി)** | ഉൽപാദന മേഖലയിൽ തകർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ഏതെല്ലാം വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐഡി.സി മുഖാന്തിരം മലബാർ ഇസ്പാറ്റ് ലിമിറ്റഡ് (നിക്ഷേപം 34.25 കോടി രൂപ), സൺപവർ സിമന്റ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് (നിക്ഷേപം 24.68 കോടി രൂപ)എന്നീ വൻകിട സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം മേഖലയിലാണ് വൻതോതിലുള്ള വ്യാവസായിക നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | സ്റ്റീൽ (ഏകദേശം 50 കോടി രൂപ). സിമെന്റ്(ഏകദേശം 25 കോടി രൂപ), ആരോഗ്യ പരിപാലനം( ഏകദേശം 60 കോടി രൂപ) എന്നീ മേഖലകളിലാണ് കെ.എസ്.ഐ.ഡി.സി മുഖാന്തിരം നിക്ഷേപം വന്നിട്ടുള്ളത്. കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടേറ്റ് മാനേജ്മെന്റ് ഇൻഫർമേഷൻ പ്രകാരമുള്ള കണക്കനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 30.05.2019 വരെ 45093 MSME യൂണിറ്റുകൾ ആരംഭിക്കുകയും ഇതിലൂടെ 4087.40 കോടി രൂപയുടെ നിക്ഷേപവും സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### Gross State Value Added by Economic Activity - KERALA

**Base Year 2011-12**

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17(P) | 2017-18(Q) |
|---|---|---|---|---|---|---|---|
| At Current Prices | | | | | | | |
| Industry sector GrossState Value Added(Rs. in lakhs) | 9469578 | 10404749 | 11478345 | 12445420 | 13007946 | 13893198 | 15223291 |
| Growth rate(in %) | | 9.88 | 10.32 | 8.43 | 4.52 | 6.81 | 9.57 |

| | | | | | | | |
|---|---|---|---|---|---|---|---|
| At Constant Prices | | | | | | | |
| Industry sector GrossState Value Added(Rs. in lakhs) | 9469578 | 9683751 | 10128080 | 10543757 | 11239427 | 11881993 | 12715924 |
| Growth rate(in %) | | 2.26 | 4.59 | 4.10 | 6.60 | 5.72 | 7.02 |

* Industry sector includes Mining & Quarrying, Manufacturing, Electricity, Gas, Water supply & Construction sectors

സെക്ഷൻ ഓഫീസർ